പോലീസ് വകുപ്പ്

കേരളം

**No.F1-188647/2021/PHQ**
പോലീസ് ഹെഡ്ക്വാട്ടേർസ്,
തിരുവനന്തപുരം
phq.pol@kerala.gov.in
04712721547
തീയതി. 20-12-2021

**സർക്കുലർ. 36/2021/പി എച്ച് ക്യൂ**

വിഷയം : പലിശരഹിത വായ്പ അപേക്ഷ സമർപ്പിക്കുന്നതിനും ക്രമീകരിക്കുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച് -

സൂചന : 1) 02/11/2000 തീയതിയിലെ സ.ഉ(അ)/285/2000/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ്
2) 20/11/2001 തീയതിയിലെ സ.ഉ(അ)/298/2001/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ്
3) 18/02/2020 തീയതിയിലെ ജി.ഒ(അ)/04/2020/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ്
4) 29/1/2017 തീയതിയിലെ ഈ കാര്യാലയത്തിലെ എഫ് 1(എ)/186457/2017 നമ്പർ കത്ത്

പലിശരഹിത വായ്പ സംബന്ധിച്ച് കാലാകാലങ്ങളിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളുടെയും, സർക്കാർ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ നടപടി ക്രമങ്ങൾ പാലിച്ച പലിശരഹിത വായ്പയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനും, വായ്പ ക്രമീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിരുന്നതാണ്. എന്നാൽ പലിശരഹിത വായ്പയ്ക്കുള്ള അപേക്ഷ ലഭ്യമാകുമ്പോൾ നിരവധി അപാകതകൾ ഉൾപ്പെടുന്നതും, അപേക്ഷകർക്ക് അനുവദിച്ച പലിശരഹിത വായ്പ തുക യഥാസമയം മാറി നൽകാതിരിക്കുന്നതും, സർക്കാരിൽ നിക്ഷിപ്തമായ പലിശരഹിത ചികിത്സാ വായ്പാ ക്രമീകരണം ചില യൂണിറ്റ് മേധാവിമാർ സ്വമേധയാ നടത്തുന്നതും, സർക്കാർ അനുമതി കൂടാതെ തിരിച്ചടവ് തുകകളിൽ തവണകൾ ഏർപ്പെടുത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. പലിശരഹിത വായ്പ തുക മെഡിക്കൽ റീഇംബേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന നിബന്ധനകൾ കൃത്യമായും പാലിക്കുന്നതിനും, ആയതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തല അച്ചടക്ക നടപടി സ്വീകരിക്കുന്നതുമാണ്. ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മേലൊപ്പിട്ട ഉപയുക്തത സർട്ടിഫിക്കറ്റ്, അസ്സൽ ചെല്ലാൻ, ക്രമീകരണ പ്രൊപ്പോസൽ എന്നിവ സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി കൃത്യമായി ഹാജരാക്കേണ്ടതും,ചുവടെ സൂചിപ്പിച്ചിരിക്കുന്ന നിർദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതുമാണെന്ന് ഇതിനാൽ എല്ലാ യൂണിറ്റ് മേധാവികൾക്കും നിർദേശം നൽകുന്നു.

1. പലിശരഹിത ചികിത്സാവായ്പയ്ക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ, അപേക്ഷ പൂർണ്ണമായും പൂരിപ്പിക്കേണ്ടതും, അപേക്ഷയോടൊപ്പമുള്ള Enquiry Certificate മേലാധികാരി സാക്ഷ്യപ്പെടുത്തേണ്ടതും, PEN, Date of Birth & Date എന്നിവ കൃത്യമായി രേഖപ്പെടുത്തേണ്ടതും, ഡോക്ടർ സാക്ഷ്യപ്പെടുത്തിയ അസ്സൽ Expenditure Certificate അപേക്ഷയോടൊപ്പം ഉൾപ്പെടുത്തേണ്ടതുമാണ്.
2. സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടുന്ന കേസുകളിൽ **(Except the diseases mentioned in G.O.(Ms.) No.184/2017/H&FWD dated 15/12/2017)** അസ്സൽ OP Ticket, District Medical Officer സാക്ഷ്യപ്പെടുത്തിയ Appendix II Form എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
3. മാതാവിന്റെ/പിതാവിന്റെ ചികിത്സാർത്ഥം സമർപ്പിക്കുന്ന എല്ലാ മെഡിക്കൽ റീ ഇംബേഴ്സ്മെൻറ്/പലിശരഹിത വായ്പ അപേക്ഷകളോടൊപ്പവും, ടിയാളുകൾ സർവീസ് പെൻഷണറോ, സർവീസ് പെൻഷണറുടെ ജിവിത പങ്കാളിയോ,കുടുംബ പെൻഷന് അർഹതയുള്ളയാളോ അല്ല എന്നും, പൂർണ്ണമായും അപേക്ഷകനെ മാത്രം ആശ്രയിച്ചാണ് കഴിയുന്നതെന്നുമുള്ള മേലാധികാരി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്. **(സർക്കാരിൽ നിന്നും ലഭ്യമായിട്ടുള്ള Proforma ഇതോടൊപ്പം ഉൾകൊള്ളിക്കുന്നു)**
4. പലിശരഹിത വായ്പ മുൻപ് കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയതു സംബന്ധിച്ച നിലവിലെ സ്ഥിതി രേഖപ്പെടുത്തി കൊണ്ടുള്ള മേലാധികാരി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം ഉൾപ്പെടുത്തേണ്ടതാണ്.
5. അവയവം മാറ്റി വയ്ക്കൽ ശസ്ത്രക്രിയക്കായി സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രികളിൽ

ചികിത്സ തേടുന്ന കേസുകളിൽ,'Certificate from the Head of ...........department of a Govt. Medical College Hospital stating that the patient needs .......transplantation' നിർബന്ധമായും ഉൾകൊള്ളിക്കേണ്ടതാണ്.

6. സംസ്ഥാനത്തിന് പുറത്ത് ചികിത്സ തേടുന്ന കേസുകളിൽ, ആരോഗ്യവകുപ്പ് ഡയറക്ടറുടെ അനുമതി തേടേണ്ടുന്നതും,പ്രസ്തുത ഉത്തരവ് അപേക്ഷയോടൊപ്പം ഉൾകൊള്ളിക്കേണ്ടതുമാണ്.
7. Circular No.34/2020/Fin dtd 12/06/2020-ന്റെ അടിസ്ഥാനത്തിൽ സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രികൾ/സർക്കാർ ആശുപത്രികൾ എന്നിവയിലെ ചികിത്സയ്ക്ക് മാത്രമേ പലിശരഹിത വായ്പ/ മെഡിക്കൽ റീ ഇംബേഴ്സ്മെൻറ് അപേക്ഷകൾ സമർപ്പിക്കുവാൻ പാടുള്ളൂ.(**പ്രസ്തുത സർക്കുലറിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിരസിച്ചതായ മെഡിക്കൽ റീ ഇംബേഴ്സ്മെൻറ് അപേക്ഷകൾ പ്രത്യേക കേസായി പരിഗണിക്കുന്നതിനായി പുന:സമർപ്പിക്കേണ്ടതില്ല)**
8. പലിശരഹിത വായ്പയുടെ കാലാവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക്, പ്രസ്തുത അപേക്ഷ യൂണിറ്റ് മേധാവിമാർ മുഖേന ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നൽകാവുന്നതും, കാലാവധി ദീർഘിപ്പിച്ചു കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് സഹിതം പ്രസ്തുത വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.
9. സൂചന പ്രകാരമുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ,ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മേലൊപ്പിട്ട ഉപയുക്തത സർട്ടിഫിക്കറ്റ് 3 മാസത്തിനകം സമർപ്പിക്കേണ്ടതും, വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക അപേക്ഷകൻ ഉടനടി സർക്കാരിൽ തിരിച്ചടയ്ക്കേണ്ടതും, പലിശരഹിത വായ്പ്പ തുക 6 മാസത്തിനകം സർക്കാർ അനുമതിയോടെ ക്രമപ്പെടുത്തേണ്ടതും, അല്ലാത്ത പക്ഷം 12% പിഴപ്പലിശയോടുകൂടി തിരിച്ചടയ്ക്കുന്നതിനു അപേക്ഷകന് നിർദ്ദേശം നൽകേണ്ടതുമാണ്.
10. സൂചന (3) പ്രകാരം പലിശരഹിത വായ്പ അപേക്ഷിച്ച തീയതി മുതലുള്ള ബില്ലുകൾ വായ്പ ക്രമീകരണത്തിന് സമർപ്പിക്കാവുന്നതാണ് . പ്രസ്തുത ഉത്തരവിന് മുൻപുള്ള പലിശ രഹിത വായ്പ അപേക്ഷകളിന്മേൽ, വായ്പ അനുവദിച്ച തീയതി മുതലുള്ള ബില്ലുകൾ മാത്രമേ വായ്പ ക്രമീകരണത്തിന് പരിഗണിക്കുകയുള്ളൂ.
11. **സൂചന 3 പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ക്യാൻസർ ചികിത്സയ്ക്കായി വായ്പ്പ അനുവദിച്ച കേസുകളിൽ മാത്രം,** ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മേലൊപ്പിട്ട ഉപയുക്തത സർട്ടിഫിക്കറ്റ് 6 മാസത്തിനകം സമർപ്പിക്കേണ്ടതും, 9 മാസത്തിനകം വായ്പ ക്രമീകരിക്കുന്നതിനായി ആവശ്യമായ രേഖകൾ സഹിതം സമർപ്പിക്കേണ്ടതും, അല്ലാത്ത പക്ഷം 12% പിഴപ്പലിശയോടുകൂടി തിരിച്ചടയ്ക്കുന്നതിനു അപേക്ഷകന് നിർദ്ദേശം നൽകേണ്ടതുമാണ്. പലിശരഹിത വായ്പ്പ യഥാസമയം ഉപയോഗിക്കാതിരിക്കുകയോ, ദുരുപയോഗപെടുത്തുകയോ ചെയ്യുന്ന പക്ഷം വായ്പ്പ തുക മൊത്തമായി തിരിച്ചു പിടിക്കേണ്ടതും, വായ്പ്പ കൈപ്പറ്റാതിരിക്കുകയോ, റദ്ദ് ചെയ്യുകയോ ചെയ്യുകയാണെങ്കിൽ, പ്രസ്തുത വിവരങ്ങൾ അടിയന്തിരമായി അറിയിക്കേണ്ടതുമാണ്.
12. പലിശരഹിത വായ്പ്പ കൈപ്പറ്റിയ അപേക്ഷകർ സർവീസിൽ നന്നും വിരമിക്കുന്ന വേളയിൽ,പലിശ രഹിത വായ്പ്പയിൽ സർക്കാരിലേയ്ക്ക് തിരിച്ചടക്കേണ്ട തുക നാളിതുവരെയും തിരിച്ചടച്ചിട്ടില്ലെങ്കിൽ, ടിയന്മാരുടെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും 12% പിഴപലിശ സഹിതം ഈടാക്കുന്നതും ടി വിഷയത്തിന്മേൽ യൂണിറ്റ് മേധാവികൾ അതീവ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

സർവീസിലിരിക്കെ മരണപ്പെട്ട ഉദ്യോഗസ്ഥരുടെ 5,00,000/- രൂപ വരെയുള്ള സർക്കാർ ബാദ്ധ്യത എഴുതിത്തള്ളുന്നതിനു വ്യവസ്ഥ ചെയ്തുകൊണ്ടുള്ള സ.ഉ.(പി) നം.91/2017/ധന തീയതി 17/07/2017-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന അപേക്ഷകളിന്മേൽ , ടി വായ്പ്പയിലെ ബാധ്യത തുക എഴുതി തള്ളുന്നതിനു വേണ്ടിയുള്ള പരേതന്റെ അവകാശിയുടെ അപേക്ഷയുടെ അസ്സൽ, മരണ സർട്ടിഫിക്കറ്റ്, അവകാശ സർട്ടിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ , വായ്പ തുക ചികിത്സയ്ക്കായി പൂർണ്ണമായും വിനിയോഗിച്ചു എന്നുള്ള നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം, പലിശരഹിത വായ്പ്പ അല്ലാതെ മറ്റ് സർക്കാർ ബാധ്യതകൾ നിലവിലില്ല എന്ന യൂണിറ്റ് മേധാവിയുടെ സർട്ടിഫിക്കറ്റ് എന്നിവ സഹിതം സമർപ്പിക്കേണ്ടതും, പലിശരഹിത വായ്പ്പ കൈപ്പറ്റിയ അപേക്ഷകർ സർവീസിൽ നിന്നും വിരമിക്കുന്ന വേളയിൽ പ്രസ്തുത വായ്പ്പ ക്രമീകരിച്ചില്ലെങ്കിൽ, ടിയാന്മാരുടെ പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നതിനാലും, ഇത്തരം കേസുകളിൽ അടിയന്തിര പ്രാധാന്യം നൽകി നടപടി സ്വീകരിക്കേണ്ടുന്നതും, പലിശരഹിത വായ്പ്പ ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം ഉത്തരവിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതുമാണ്.

സർക്കാർ അംഗീകൃതമല്ലാത്ത സ്വകാര്യ ആശുപത്രികളിൽ ചീകിൽസ തേടുകയും റീ

ഇമ്പേഴ്സ്മെൻറ് അപേക്ഷകൾ പരിശോധിക്കുമ്പോൾ ആയത് നിരസിക്കപ്പെടുകയും ഇക്കാരണത്താൽ സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടാകുകയും ചെയ്യുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ജീവനക്കാർക്ക് ഈ വിഷയത്തിൽ പരമാവധി വിവരം നൽകുന്നതിന് ഈ സർക്കുലർ പോലീസ് സ്റ്റേഷൻ ഉൾപ്പെടെയുള്ള എല്ലാ ആഫീസുകളിലെയും നോട്ടിസ് ബോർഡുകളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

അനിൽ കാന്ത് ഐ പി എസ്
സംസ്ഥാന പോലീസ് മേധാവി

സ്വീകർത്താവ് : എല്ലാ യൂണിറ്റ് മേധാവിമാർക്കും അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി.

പകർപ്പ് : സംസ്ഥാന പോലീസ് മേധാവിയുടെ സി എ/ പി.എച്ച്.ക്യുവിലെ എല്ലാ ഓഫീസർമാരുടെയും സി എ മാർക്ക്
സീനിയർ ഫൈനാൻസ് ഓഫീസർ/മാനേജർ/അക്കൌണ്ട്സ് ഓഫീസർ/പി.എച്ച്.ക്യുവിലെ എല്ലാ എസ്.എസ്/ജെ.എസ് മാർക്ക്
സർക്കുലർ ബുക്ക്/സ്റ്റോക്ക് ഫയൽ.

iAPS Internal Application Processing System KERALA POLICE